എ.എസ് സുരേഷ് കുമാർ

# വേട്ടക്കാരും ഇരകളും

**ഗുജറാത്ത്** ഡി.ഐ.ജി വൻജാരയുടെ കാക്കിക്കുപ്പായത്തിൽ തുന്നിപ്പിടിപ്പിച്ച നക്ഷത്ര ചിഹ്നങ്ങൾ എത്ര നിരപരാധികളെ കൊന്നതിന്റെയും പീഡിപ്പിച്ചതിന്റെയും ക്രെഡിറ്റാണെന്ന് നമുക്കറിയില്ല. പക്ഷേ, ആരുടെയും ജീവനെടുക്കാൻ വൻജാരക്ക് നരേന്ദ്രമോഡി ഭരണകൂടം കൊടുത്ത അവകാശത്തിന്റെ ചില തെളിവുകൾ സൊഹ്‌റാബുദ്ദീനും കൗസർബിയും തുളസീറാം പ്രജാപതിയുമായി നമ്മുടെ മുന്നിലുണ്ട്. മോഡിയുടെ ഗുജറാത്തിൽ സൊഹ്‌റാബുദ്ദീനും തുളസീറാമിനും കിട്ടിയത് പോലീസിന്റെ വെടിയുണ്ടയാണ്. ഭാര്യ കൗസർബിയെ കൊന്ന് ചുട്ടെരിച്ചു. മുഖ്യമന്ത്രിയെ വധിക്കാൻ പദ്ധതിയിട്ട് എത്തിയ ലശ്കറെ ത്വയ്യിബക്കാരാണ് ഇവരെന്ന് വൻജാര നയിച്ച ഭീകരവിരുദ്ധ സംഘം തീരുമാനിച്ചാൽ പിന്നെ അവർക്ക് മുന്നിൽ മരണമല്ലാതെ ഒന്നുമില്ല. നിരപരാധിയുടെ മുതുകിൽ ഭീകരനെന്ന ചാപ്പകുത്തി ജീവനെടുത്തപ്പോൾ വൻജാരയുടെ തോളത്തേക്ക് അംഗീകാരത്തിന്റെയും പ്രമോഷന്റെയും മറ്റൊരു നക്ഷത്ര ചിഹ്നം കൂടി മോഡി സർക്കാർ തുന്നിച്ചേർത്തുകൊടുത്തു. പ്രതിസന്ധിയിൽനിന്ന് രക്ഷപ്പെടാൻ രാഷ്ട്രീയക്കാരോ, ഒരു പ്രമോഷന് വേണ്ടി പോലീസോ മനുഷ്യനെ ജീവനോടെ കത്തിക്കാൻ, നിരപരാധികളെ വെടിവെച്ചുകൊല്ലാൻ മടിക്കില്ലെന്ന്, അല്ലെങ്കിൽതന്നെ വൻജാര വേണോ നമുക്ക് പറഞ്ഞുതരാൻ?

വൻജാരയുടെ തോളത്തെ നക്ഷത്ര ചിഹ്നങ്ങളിൽ സൊഹ്‌റാബുദ്ദീൻ ദമ്പതികളുടെയോ, അവരുടെ കൂട്ടുകാരൻ തുളസീറാമിന്റെയോ ചോരക്കറ മാത്രമല്ല ഉള്ളതെന്ന് മാത്രം നമുക്കറിയാം. സൊഹ്‌റാബുദ്ദീന്റെ സഹോദരൻ നൽകിയ അപേക്ഷ പരിഗണിക്കാൻ പരമോന്നത നീതിപീഠം കാട്ടിയ കരുണയിൽ, നിയമപാലകർ നടത്തുന്ന നരവേട്ടയുടെ ഞെട്ടിക്കുന്ന മറ്റൊരു ചിത്രമാണ് അനാവരണം ചെയ്യപ്പെട്ടത്. നിഷ്പക്ഷവും നീതിപൂർവകവുമായ നിയമപാലനത്തിന്റെ അഭിമാനം പറയുന്ന ഇന്ത്യൻ പോലീസ് സർവീസിലെ മുതിർന്ന ഉദ്യോഗസ്ഥരായ വൻജാരയും രാജ്കുമാർ പാണ്ഡ്യനുമൊക്കെ അറസ്റ്റിലായി. അത്രയും ഒരു സി.ബി.ഐ അന്വേഷണം ഒഴിവാക്കാൻ മോഡിയോ ആഭ്യന്തരമന്ത്രി അമിത്ഷായോ കാട്ടിക്കൂട്ടുന്ന വ്യഗ്രത; സുപ്രീംകോടതി ഇടപെടലിന്റെ നിർബന്ധിതാവസ്ഥ. വൻജാരയെയും മറ്റും പോലീസിലെ ഓമനകളായി പോറ്റി ഉദ്ദേശിച്ച പണികൾ നടത്തിപ്പോന്നവർക്ക്, കുറഞ്ഞത് സുപ്രീംകോടതിയെ എങ്കിലും പേടിക്കാതെ തരമില്ല. പക്ഷേ, മോഡിയുടെ ഗുജറാത്തിൽ ഇനിയെത്ര വൻജാരമാരുണ്ട്? ഇനിയുമെത്ര സൊഹ്‌റാബുദ്ദീൻമാരുണ്ട്?

രണ്ടു ഡസൻ വ്യാജ ഏറ്റുമുട്ടൽ സംഭവങ്ങളെങ്കിലും മോഡി സർക്കാരിന്റെ കാലത്ത് ഗുജറാത്തിൽ നടന്നിട്ടുണ്ട്. 2004 ജൂൺ 15-നാണ് മാവേലിക്കരക്കാരൻ പ്രണേഷ് കുമാർ എന്ന ജാവേദും കോളേജ് വിദ്യാർഥിനി ഇശ്റത്ത് ജഹാൻ ശൈഖും അടക്കം നാലുപേരെ അഹ്മദാബാദിൽ വെടിവെച്ചുകൊന്നത്. അവരും മുഖ്യമന്ത്രി മോഡിയെ വധിക്കാൻ പദ്ധതിയിട്ട് എത്തിയ ലശ്കറെ ത്വയ്യിബക്കാരത്രെ. ഇവരെ കൊല്ലുമ്പോൾ വൻജാര അഹ്മദാബാദ് പോലീസ് ഡെപ്യൂട്ടി കമീഷണറാണ്. 2002 ഒക്ടോബർ 22-നാണ് അഹ്മദാബാദിലെ ഉസ്മാൻപുരയിൽ സമീർഖാൻ പഠാനെ പോലിസ് കൊന്നത്. 2003 ജനുവരി 13-ന് അഹ്മദാബാദിലെ ഗാലക്സി സിനിമക്കടുത്ത് ഭാവ്നഗർ സ്വദേശിയായ സ്വാദിഖ് ജമാലിനാണ് ഭീകരനായി പോലീസിന്റെ വെടിയേറ്റ് മരിക്കാൻ നിയോഗമുണ്ടായത്. കഴിഞ്ഞ കൊല്ലം മാർച്ച് 17-ന് അഹ്മദാബാദിൽതന്നെ വാധ്വക്കടുത്ത് നാലു പേരെ കശ്മീർ ഭീകരരാണെന്നു പറഞ്ഞ് പോലീസ് വെടിവെച്ചുകൊന്നു. മോഡിയെയും മറ്റും വകവരുത്താൻ പരിപാടിയിട്ട് എത്തിയവരെന്ന ഒറ്റ വിശദീകരണം കൊണ്ട് പോലീസ് എല്ലാം അവസാനിപ്പിച്ചു. എന്നാൽ ഇതിലേക്കൊക്കെ സ്വതന്ത്രമായ അന്വേഷണം നടന്നാൽ പല വൻജാരമാരുടെയും കഴുത്തിൽ കൊലക്കയറാണ് വീഴേണ്ടത്. പക്ഷേ, അവരെ സംരക്ഷിക്കാൻ ഭരണകൂടമുണ്ടെങ്കിൽ പോലീസ് വേട്ടക്കാരായി തുടരുക തന്നെ ചെയ്യും. മരിച്ചവർ ഭീകരന്മാരായിത്തന്നെ നിലനിൽക്കും.

പോലീസ് വേട്ടക്കാരും, നിരപരാധികൾ ഇരകളുമായി മാറുന്ന പ്രവണത ഗുജറാത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല. പോലിസും സൈന്യവും ചേർന്ന് മനുഷ്യാവകാശങ്ങളും എണ്ണമറ്റ ജീവൻ തന്നെയും ഞെരിച്ചുകൊല്ലുന്ന വിഹ്വലതയുടെ താവളമാണ് ജമ്മുകശ്മീർ. അവിടെ ഏറ്റുമുട്ടൽ മരണങ്ങൾ മാത്രമല്ല, കാണാതാകൽ സംഭവങ്ങളും പെരുകുകയാണ്. കഴിഞ്ഞ ഡിസംബറിൽ കാണാതായ ആശാരിപ്പണിക്കാരനായ അബ്ദുർറഹ്മാൻ പദ്ദർ അതിൽ ഒരു ശതമാനം പോലുമില്ലാത്ത ഒരാൾ മാത്രം. അയാളെ ശ്രീനഗറിൽ പ്രത്യേക അന്വേഷണ വിഭാഗം പൊക്കി; പിന്നീട് കൊന്നു. എന്നാൽ പോലീസുമായി നടത്തിയ ഏറ്റുമുട്ടലിൽ കൊല്ലപ്പെടുകയായിരുന്നുവെന്ന് നിയമപാലകർ പറയുമ്പോൾ, നീതിക്ക് ആരെ സമീപിക്കണമെന്ന് പദ്ദറിന്റെ വീട്ടുകാർക്ക് അറിയില്ല. കഴിഞ്ഞ കൊല്ലം കാണാതായ ഒരു തെരുവുകച്ചവടക്കാരൻ അടക്കം നാലുപേരുടെ ജഡം കുഴിച്ചെടുത്തത് മൂന്നു മാസം മുമ്പു മാത്രമാണ്. രണ്ട് മുതിർന്ന ഉദ്യോഗസ്ഥരടക്കം എട്ട് പോലീസുകാർ അറസ്റ്റിലായി. പോലീസ് നടത്തിയ വ്യാജ ഏറ്റുമുട്ടലിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിടാൻ സംസ്ഥാന സർക്കാർ നിർബന്ധിതമായി.

കുപ്‌വാരയും പുൽവാമയുമൊക്കെ സേന നടത്തുന്ന വ്യാജ ഏറ്റുമുട്ടൽ കൊലകളുടെ ഞെട്ടിക്കുന്ന കഥപറയുന്ന കശ്മീർ മേഖലകളാണ്. രണ്ടു പതിറ്റാണ്ടായി ജമ്മുകശ്മീരിൽ ഇത്തരത്തിൽ നടന്ന വ്യാജ ഏറ്റുമുട്ടലുകൾ എത്ര? എണ്ണം കൃത്യമല്ലെങ്കിലും മരിച്ചവരോ കാണാതായവരോ അത്രയും തീവ്രവാദികൾ തന്നെയെന്ന കാര്യത്തിൽ പോലീസിന് സംശയമില്ല. ഏറ്റുമുട്ടലിൽ ഭീകരരെ വകവരുത്തിയവർക്ക് പാരിതോഷികങ്ങളും പ്രമോഷനും കൊടുക്കണമെന്നതിൽ സർക്കാറിനുമില്ല സംശയം. സംസ്ഥാനത്ത് കാണാതായവരുടെ രക്ഷിതാക്കൾ രൂപം നൽകിയ സംഘടനയുടെ കണക്ക് പതിനായിരത്തിൽപരമെന്നാണ്. നാലായിരത്തോളം പേരെ കാണാതായിട്ടുണ്ടെന്ന് സർക്കാർ തന്നെ സമ്മതിക്കുന്നു. എങ്കിൽ അവർ എവിടെപ്പോയി? ജീവിച്ചിരിക്കുന്നുവെങ്കിൽ എവിടെ? മരിച്ചുവെങ്കിൽ ജഡമെവിടെ? അതിനും തയാറാക്കിവെച്ച ഔദ്യോഗിക ഭാഷ്യമുണ്ട്-ഭീകരസംഘങ്ങളിൽ ചേരാൻ അതിർത്തി കടന്ന് പോയിരിക്കണം. ഉറ്റവരെ നഷ്ടപ്പെട്ട എണ്ണമറ്റ ബന്ധുക്കളുടെ

തോരാകണ്ണീരിനിടയിൽ, സേനയുടെ കസ്റ്റഡിയിൽ കാലങ്ങളായി കഴിയുന്നവർ എത്രയെന്ന് ആർക്കറിയും? കശ്മീർ ജനതയുടെ വിഹ്വലതകൾക്കിടയിൽ ഭീകരതക്കെതിരായ പോരാട്ടത്തിന്റെ മേനി പറയുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ.

ദൽഹിയിലെ പ്രമുഖ വ്യാപാര സമുച്ചയമായ അൻസൽ പ്ലാസയിൽ ഒരു ദീപാവലിത്തലേന്നിന്റെ തിരക്കുകൾക്കിടയിൽ രണ്ടു ചെറുപ്പക്കാർ പോലീസുമായുണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു. ദീപാവലി ആഘോഷം കലക്കാൻ എത്തിയ പാകിസ്താനീ ഭീകരരാണ് കൊല്ലപ്പെട്ടതെന്ന് ദൽഹി പോലീസിന്റെ പ്രത്യേക സെൽ വിശദീകരണം നൽകി മണിക്കൂറുകൾക്കകം തന്നെ അന്നത്തെ എൻ.ഡി.എ സർക്കാർ 'ഭീകരരെ' വകവരുത്തിയവർക്ക് പാരിതോഷികവും പ്രമോഷനും പ്രഖ്യാപിച്ചു. എന്നാൽ അതൊരു വ്യാജ ഏറ്റുമുട്ടലായിരുന്നുവെന്നും പോലീസ് വാഹനത്തിൽ അൻസൽ പ്ലാസയിൽ കൊണ്ടുവന്നിറക്കിയ നിരായുധരായ രണ്ട് ചെറുപ്പക്കാരെ പോലീസ് വെടിവെച്ചുകൊല്ലുകയായിരുന്നുവെന്നും മാധ്യമങ്ങൾക്ക് വിശദീകരിച്ച ദൃക്സാക്ഷി ഡോ. ഹരികൃഷ്ണ ഇന്ന് എവിടെയാണെന്ന് പുറംലോകത്തിന് അറിയില്ല. പോലീസ് ഭീഷണികൾക്കൊടുവിൽ അയാൾക്ക് ദൽഹി വിട്ടുപോകേണ്ടിവന്നു. അൻസൽ പ്ലാസയിൽ പോലീസ് നടത്തിയത് വ്യാജ ഏറ്റുമുട്ടലാണെന്നു തന്നെ ജനം ഇന്നും ഉറച്ചു വിശ്വസിക്കുന്നു. എന്നിട്ട് ആ സംഭവത്തെക്കുറിച്ച്, പോലീസുകാരെക്കുറിച്ച് എന്ത് അന്വേഷണം ഉണ്ടായി? പാർലമെന്റ് ആക്രമണത്തിൽ നിറഞ്ഞുനിൽക്കുന്ന ദുരൂഹതകൾക്ക് ഇന്നും ഉത്തരമായിട്ടില്ല. തുഗ്ലക്കാബാദിൽ നേരം പുലരുംമുമ്പേ ആളൊഴിഞ്ഞ പ്രദേശത്ത് രണ്ടു 'ഭീകരരെ' പോലീസ് 'ഏറ്റുമുട്ടലിൽ' വകവരുത്തിയതിലെ സംശയങ്ങളും ഉത്തരം കിട്ടാത്ത സമസ്യയായി അവശേഷിക്കുന്നു. മുംബൈയിൽ വ്യാജ ഏറ്റുമുട്ടൽ സംഭവങ്ങൾ പലതാണ്. ആന്ധ്രാപ്രദേശ് പോലീസും വ്യാജ ഏറ്റുമുട്ടലിന് പേരെടുത്തിരിക്കുന്നു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ സൈന്യത്തിനുള്ള പ്രത്യേകാധികാരങ്ങൾ ദുരുപയോഗം ചെയ്യുന്നതിന്റെ ആഴം എത്രത്തോളമെന്നതിന് നമ്മുടെ മുന്നിലെ പ്രതീകമാണ് വർഷങ്ങളായി നിരാഹാരം നടത്തുന്ന ഈറോം ശർമിള.

മോഡിയുടെ ഗുജറാത്തിൽ പോലീസിലെ വേട്ടക്കാരുടെ ഇന്നത്തെ മുഖം വൻജാരയാണെങ്കിൽ, ദൽഹിയിൽ അത് രജ്ബീർ സിംഗാണ്. കശ്മീരിൽ അത് ഹൻസ്‌രാജ് പരിഹാർ. മുംബൈയിൽ ദയാനായകും പ്രദീപ് ശർമയും. യു.പിയിൽ ബ്രിജ്‌ലാൽ. ആന്ധ്രയിൽ ജി.ജെ മുരളി. ചിലർക്ക് 'ഭീകര'രെയാണ് മൃഗയാ വിനോദത്തിൽ പഥ്യം. ചിലർക്ക് കവർച്ചക്കാരെ. ചിലർക്ക് അധോലോക സംഘത്തെ. ദൽഹി പോലീസിന്റെ ഭീകരവേട്ടക്കുള്ള പ്രത്യേക സെല്ലിൽ 'താര'മായ രജ്ബീർ സിംഗ് ഏറ്റുമുട്ടൽ കൊലപാതകങ്ങളിൽ സെഞ്ചറി തികച്ചയാളാണെന്ന് അറിയുക. അൻസൽ പ്ലാസ, ചെങ്കോട്ട, തുഗ്ലക്കാബാദ് ഏറ്റുമുട്ടലുകൾ നടന്നത് ഇയാളുടെ നേതൃത്വത്തിലാണ്. പാർലമെന്റ് ആക്രമണ കേസ് അന്വേഷിച്ചതും ഇയാൾ തന്നെ. സാദാ സബ് ഇൻസ്പെക്ടറായി തുടങ്ങിയ ഇയാൾ എൻ.ഡി.എ സർക്കാരിന്റെ കാലത്ത് ആഭ്യന്തരമന്ത്രിയെ വരെ നേരിട്ട് വിളിക്കാൻ സ്വാതന്ത്ര്യമുള്ള വമ്പനായി വളർന്നു. സീനിയോറിറ്റി മറികടന്ന് പ്രമോഷൻ നേടി പോലീസ് ഡെപ്യൂട്ടി കമീഷണറായി. ധീരതക്ക് രാഷ്ട്രപതിയുടെ പോലീസ് മെഡൽ; സ്തുത്യർഹ സേവനത്തിന് ഇന്ത്യൻ പോലീസ് മെഡൽ. ഭീകരവിരുദ്ധ പരിശീലനത്തിന് രണ്ടുവട്ടം വിദേശയാത്ര. അധികാരത്തിലുണ്ടായിരുന്നവർ രജ്ബീർ സിംഗിനെ ഉപയോഗിച്ചോ, അയാൾ നേതാക്കളെ ഉപയോഗിച്ചോ എന്ന ചോദ്യം ഇതിനിടയിൽ പ്രസക്തമല്ല. കാരണം, പാലം പണിയുന്നത് അങ്ങോട്ടുമിങ്ങോട്ടും നടക്കാനാണ്. ഭീകരവേട്ടക്ക് പേരെടുത്ത രജ്ബീർ സിംഗ് പക്ഷേ, ഒടുവിൽ മയക്കുമരുന്ന് ലോബിയുമായുള്ള ബന്ധത്തിന്റെ പേരിലാണ് വിവാദത്തിലായത്. യു.പി.എ സർക്കാർ വന്ന ശേഷം ഇയാൾക്ക് ഡ്യൂട്ടി ഏതായാലും ട്രാഫിക് പോലീസിലായി. എന്നുകരുതി രജ്ബീർ സിംഗിന് ഏർപ്പെടുത്തിയിരിക്കുന്ന സുരക്ഷ 'സെഡ്' കാറ്റഗറി തന്നെ.

മുംബൈയിലെ പ്രദീപ് ശർമ അധോലോക-ഭീകര വേട്ടക്കിടയിൽ കൊന്നത് നൂറിൽപരം ആളുകളെയാണ്. ദയാനായക് എൺപതോളം പേരെ കൊന്നു. യു.പിയിൽ പോലീസ് സൂപ്രണ്ടായ രാജേശ്വർ സിംഗിന് പ്രായം 32. ഇതിനകം അയാളുടെ കൈകൊണ്ട് മരിച്ചവർ 23. ജമ്മുകശ്മീരിൽ ഹൻസ്‌രാജ് പരിഹാർ എന്ന പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അമ്പതിൽപരം നരമേധമാണ് നടന്നത്. ഇവരുടെയൊക്കെ തോക്കിന് ഇരയാകുന്നത് സാക്ഷാൽ ഭീകരർ തന്നെയാണെന്നിരിക്കട്ടെ. ഇവരെ കൊല്ലാൻ പോലീസിന് എന്തധികാരം? കുറ്റക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനല്ലാതെ, കുറ്റക്കാർക്ക് ശിക്ഷ വിധിക്കാൻ പോലീസിന് എന്ത് അധികാരം? തൂക്കുകയർ കിട്ടേണ്ട ഇത്തരക്കാർക്ക് സംരക്ഷണ കവചമാണ് കാക്കി. കാക്കിക്കുള്ളിലെ ഈ ക്രിമിനലുകളെ വളർത്തുന്നത്, അവരെ തരംപോലെ ഉപയോഗപ്പെടുത്തുന്ന രാഷ്ട്രീയക്കാരല്ലാതെ മറ്റാരാണ്? അധികാരത്തണലിൽ വളരുന്ന ഈ നരഭോജികൾ പിന്നെപ്പിന്നെ രാഷ്ട്രീയക്കാരുടെ ചൊൽപ്പടി വിട്ട് തടിച്ചുകൊഴുക്കുന്നു. ഭീകര-അധോലോക വേട്ടയുടെ പേരിൽ നിരപരാധികളെയും കൊല്ലാൻ ലൈസൻസ് നേടിയ ഇവർ, പലരെയും വിരട്ടി സാമ്പത്തികമായും ശക്തിയാർജിക്കുന്നു. വളർത്തിയ രാഷ്ട്രീയ നേതാക്കൾക്കു പോലും, ഇക്കൂട്ടരെ പിന്നീട് നിയന്ത്രിക്കാൻ കഴിയില്ലെന്നു വരുന്നു. അധോലോക-മയക്കുമരുന്ന് സംഘങ്ങളിൽനിന്ന് ലക്ഷങ്ങൾ മാസപ്പടി വാങ്ങുന്നവരാണ് പല ഭീകരവേട്ടക്കാരും എന്നു കൂടി അറിയുക.

മോഡിമാർക്കും വൻജാരമാർക്കും മുന്നിൽ ഭീകരരും അധോലോകവുമെന്നാൽ, അതത്രയും മുസ്‌ലിംകളാണ് എന്നതാണ് ഭീതിദ നരവേട്ടയുടെ മറുവശം. വ്യാജ ഏറ്റുമുട്ടലിൽ കൊല്ലപ്പെടുന്നവരിൽ നാമമാത്രമായവർ ഒഴികെയത്രയും മുസ്‌ലിംകൾ തന്നെ. ഇതിനിടയിൽ നരവേട്ടക്കാർ ദേശഭക്തരും ഇരകൾ ദേശദ്രോഹികളുമാണെന്ന് പ്രത്യേകം പറയേണ്ടതില്ല. വൻജാര സംഭവത്തോടെ ഗുജറാത്തിൽനിന്ന് മറ്റൊരു മുസ്‌ലിം പരിതാവസ്ഥ കൂടി വെളിയിൽ വന്നിരിക്കുന്നു. അവിടെ കച്ചവടം നടത്തി തെല്ലൊന്ന് 'ഷൈൻ ചെയ്യുന്ന' മുസ്‌ലിം സമുദായാംഗത്തെ പോലീസിലെ ഭീകരവേട്ടക്കാർ സമീപിക്കും. തങ്ങൾ അന്വേഷിക്കുന്ന ചില ഭീകരവാദ കേസുകളിൽ നിങ്ങളുടെ പേരുകൂടി ചിലർ പറഞ്ഞിട്ടുണ്ടെന്ന് സൂചിപ്പിക്കുന്നു. ജീവനിലും ഭാവിയിലും ഭയമുള്ള വ്യാപാരിക്ക് പിന്നെ രക്ഷയില്ല. ഒന്നുകിൽ ചോദിക്കുന്ന ലക്ഷങ്ങൾ കൊടുത്ത് ഭീകരനല്ലാതായി മാറാം. അല്ലെങ്കിൽ, ഒരിക്കലും തിരിച്ചുവരില്ലെന്ന് നിശ്ചയിച്ച് നിന്ന നിൽപിൽ മുങ്ങുക. രണ്ടാമത്തേതിൽ സുരക്ഷിതത്വത്തിന് ഉറപ്പുപോരെന്ന് മാത്രം. അതേ, മനുഷ്യാവകാശവും ജീവനും കുടുംബങ്ങളും ചവിട്ടിയരക്കപ്പെടുന്ന വ്യാജ ഏറ്റുമുട്ടൽ സംഭവങ്ങളിൽ അധികാരിവർഗത്തിന്റെയും പോലീസ്-സേനാ വിഭാഗങ്ങളുടെയും വർഗീയതയും പകപോക്കലും പണമുണ്ടാക്കലുമെല്ലാം അടങ്ങിയിരിക്കുന്നു. ■